**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയം ഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ താമരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2012-13, 2013-14 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് ഖണ്ഡിക 2.1 പ്രകാരം തടസ്സപ്പെടുത്തിയ 60,490/-രൂപയുടെ ഇളവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു**

---

**തദ്ദേശ സ്വയം ഭരണ (എ ബി) വകുപ്പ്**

**സ.ഉ(സാ.ധാ) നം.3532/2016/തസ്വഭവ    തിരുവനന്തപുരം,തീയതി 28/12/2016**

---

**പരാമർശം :** 1. താമരശ്ശേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 16/11/2015 തീയതിയിലെ ബി 4/10082/15 നമ്പർ കത്ത്.

2. പഞ്ചായത്ത് ഡയറക്ടറുടെ 11/03/2016 തീയതിയിലെ എം3- 6638/2016 നമ്പർ കത്ത്.

3. സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 17/11/2016 തീയതിയിലെ കെ.എസ്സ്.എ-5431/പിറ്റി 3/2016 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ താമരശ്ശേരി ഗ്രാമപഞ്ചായത്തിലെ പുതിയ ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ഫീസ് കുത്തകാവകാശ പിരിവ് 2012-13 വർഷത്തിൽ 2,11,100/- രൂപയ്ക്ക് ലേലം ചെയ്ത് നൽകിയെങ്കിലും 21/05/2012 മുതൽ 23/06/2012 വരെ പ്രസ്തുത കംഫർട്ട് സ്റ്റേഷൻ മാലിന്യം നിറഞ്ഞ് ഉപയോഗം നിർത്തി വയ്ക്കേണ്ടി വന്നുവെന്നും 05/11/2012 മുതൽ 16/01/13 വരെ അറ്റകുറ്റപ്പണികൾക്കായും പ്രവർത്തനം നിർത്തിവയ്ക്കേണ്ടി വന്നുവെന്നും ചൂണ്ടിക്കാട്ടി താമരശ്ശേരി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം 60,490/- രൂപയുടെ ഇളവ് ചെയ്ത് നൽകിയതിനാൽ കരാറുകാരിയായ ശ്രീമതി. രമ ആകെ 1,50,610/- രൂപ മാത്രമേ പഞ്ചായത്തിൽ അടവാക്കിയിരുന്നുള്ളൂ. 1998-ലെ കേരള പഞ്ചായത്ത് രാജ് (കരാറുകാർക്കും പാട്ടക്കാർക്കും കിഴിവ് അനുവദിക്കൽ) ചട്ടങ്ങളിലെ ചട്ടം 5(1) പ്രകാരം കരാറുകാരൻ കിഴിവിനുള്ള കാരണം വ്യക്തമാക്കുന്ന അപേക്ഷ പഞ്ചായത്തിന് സമർപ്പിക്കേണ്ടതും പ്രസ്തുത അപേക്ഷയിന്മേൽ സെക്രട്ടറി അന്വേഷണം നടത്തി പഞ്ചായത്തിന് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്. കൂടാതെ മേൽ ചട്ടം 5(4) പ്രകാരം 10,000/- രൂപയ്ക്ക് മേലുള്ള കിഴിവ് അനുവദിക്കുന്നത് മുൻപ് പഞ്ചായത്ത് സർക്കാരിൽ നിന്നും അനുവാദം വാങ്ങേണ്ടതാണ്. എന്നാൽ പരാമർശിത വിഷയത്തിൽ മേൽ സൂചിപ്പിച്ച ചട്ട വ്യവസ്ഥകൾ ഒന്നും തന്നെ പഞ്ചായത്ത് പാലിയ്ക്കാതിരുന്നതിനാൽ ചട്ടവിരുദ്ധമായി ഇളവ് ചെയ്ത് നൽകിയ 60,490/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുകയുണ്ടായി.

2) ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷന്റെ ലിച്ച് പിറ്റ് നിറഞ്ഞു കവിഞ്ഞ് പ്രവർത്തിപ്പിക്കാൻ കഴിയാതെ വരികയും നിരവധി വാഹനങ്ങളും യാത്രക്കാരും വന്നുപോകുന്ന ബസ് സ്റ്റാന്റിലേയ്ക്ക് കംഫർട്ട് സ്റ്റേഷനിൽ നിന്നുള്ള മാലിന്യം ഒഴുകിയെത്തിയത് പൊതുജനങ്ങളുടെ പരാതിയ്ക്കും സർവ്വോപരി പൊതുജനാരോഗ്യത്തിനും ഭീഷണിയായി തീർന്നതിനാലും പ്രസ്തുത മാലിന്യം നീക്കം ചെയ്യുന്നതിന് തൊഴിലാളികളെ ലഭ്യമാകുന്നതിന് കാലതാമസം നേരിട്ടതിനാലും കംഫർട്ട് സ്റ്റേഷൻ കുറച്ച് കാലത്തേയ്ക്ക് അടച്ചിടേണ്ടി വന്നെന്നും പഞ്ചായത്തിന്റെ നിയന്ത്രണത്തിനതീതവും ഒഴിച്ചുകൂടാനാകാത്തതുമായ സാഹചര്യത്തിലാണ് പ്രവർത്തനം നിർത്തി വയ്ക്കേണ്ടി വന്നതെന്നും ലേലം നടത്തിയ സമയത്തോ എഗ്രിമെന്റ് വയ്ക്കുന്ന സമയത്തോ പ്രതീക്ഷിക്കാത്ത കാര്യമായതിനാലും കരാറുകാരന് നഷ്ടം സംഭവിച്ചു എന്ന് ബോധ്യം വന്നതിനാലുമാണ് കംഫർട്ട്

സ്റ്റേഷൻ പ്രവർത്തിയ്ക്കാത്ത കാലയളവിന് ആനുപാതികമായി പഞ്ചായത്ത് കമ്മിറ്റിയുടെ 20/07/2012-ലെ തീരുമാനം നമ്പർ 7(1)/12, 27/03/2013-ലെ തീരുമാനം നം. 55(1)/13 എന്നിവ പ്രകാരം കരാറുകാരന് കരാർ തുകയിൽ ഇളവ് അനുവദിച്ചതെന്നും ആയതിനാൽ ഈ ഇനത്തിൽ തടസ്സപ്പെടുത്തിയ 60,490/- രൂപയുടെ ഇളവിന് സാധൂകരണം നൽകണമെന്നും സൂചന ഒന്ന് കത്ത് പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതിയും ഇതേ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം വ്യക്തമായ ശുപാർശ സഹിതം പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കരാറുകാരന് ചട്ടവിരുദ്ധമായി ഇളവ് അനുവദിച്ചശേഷം സാധൂകരണം തേടുന്നത് പ്രോൽസാഹനജനകമല്ലെങ്കിലും ലിച്ച് പിറ്റിൽ നിന്നും മാലിന്യം പുറത്തേയ്ക്ക് ഒഴുകിയത് പൊതുജനാരോഗ്യത്തിന് ഭീഷണിയായതിനാലാണ് കംഫർട്ട് സ്റ്റേഷന്റെ പ്രവർത്തനം താൽക്കാലികമായി നിർത്തിവയ്ക്കേണ്ടി വന്നത് എന്നത് പരിഗണിച്ച് പരാമർശിത ഇളവിന് സർക്കാർ സാധൂകരണം നൽകുന്നതിനോ കുറ്റം മാപ്പാക്കുന്നതിനോ തീരുമാനിയ്ക്കാവുന്നതാണെന്ന് പരാമർശം മൂന്ന് കത്ത് പ്രകാരം കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിട്ടിട്ടുണ്ട്.

3) ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച കംഫർട്ട് സ്റ്റേഷന്റെ ലിച്ച് പിറ്റ് നിറഞ്ഞ് മാലിന്യം പുറത്തേയ്ക്കൊഴുകുന്നത് പൊതുജനാരോഗ്യത്തിന് ഹാനികരമാകുമെന്നതിനാൽ കംഫർട്ട് സ്റ്റേഷൻ അടച്ചിടാൻ നിർബന്ധിതമായെന്നും പ്രസ്തുത അപ്രതീക്ഷിത നടപടി മൂലം കരാറുകാരന് നഷ്ടം സംഭവിച്ചുവെന്നുമുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലും പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശുപാർശ, സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് എന്നിവ കണക്കിലെടുത്തും കോഴിക്കോട് ജില്ലയിലെ താമരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2012-13, 2013-14 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.1 പ്രകാരം തടസ്സപ്പെടുത്തിയ 60,490/- രൂപയുടെ ഇളവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഷിബു എ ടി
അണ്ടർ സെക്രട്ടറി

കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
സെക്രട്ടറി, താമരശ്ശേരി ഗ്രാമ പഞ്ചായത്ത്, കോഴിക്കോട്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര -പൊതു ജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ